# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1643 | 15.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.വി.ഡി.സതീശൻ**<br>,, **ബെന്നി ബെഹനാൻ**<br>,, **ജോസഫ് വാഴയ്ക്കൻ**<br>,, **സണ്ണി ജോസഫ്** | **ഡോ.എം.കെ.മുനീർ**<br>**(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി)സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് പ്രതിരോധം, സംരക്ഷണം, പ്രോസിക്യൂഷൻ, പുനരധിവാസവും പുനരേകീകരണവും എന്നീ 4 പ്രധാന മേഖലകളിലെ ഇടപെടലുകളാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (സി)പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി)പദ്ധതി നടത്തിപ്പിനായി സംസ്ഥാനതല നിർഭയസെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വ്യത്യസ്ത മേഖലകൾ തമ്മിൽ ആവശ്യമായ ഏകോപനം കൈവരുത്തുന്നതിനുമായി സംസ്ഥാനതല ഏകോപന സമിതിയും നിർഭയ പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി 11 നിർഭയ ഷെൽട്ടർ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. അതിക്രമത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ എല്ലാ സഹായങ്ങളും ഒരു കുടക്കീഴിൽ നൽകുന്നതിനായി ആരോഗ്യവകുപ്പുമായി സഹകരിച്ച് 21 വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചു വരുന്നു. 1800-425-1400 എന്ന നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ